**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2493** **12-10-2021 - ൽ മറുപടിയ്ക്ക്**

**വ്യവസായ സംരംഭകർക്ക് രാഷ്ട്രീയ പാർട്ടികളിൽ നിന്നുമുള്ള ദുരനുഭവങ്ങൾ ഒഴിവാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ എം വിൻസെൻറ് | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വിദേശത്ത് ജോലിയും ബിസിനസും ചെയ്ത് സമ്പാദിക്കുന്ന തുക സ്വന്തം നാട്ടിൽ മുടക്കുന്ന പല സംരംഭകർക്കും രാഷ്ട്രീയ പാർട്ടികളിൽ നിന്നും ദുരനുഭവങ്ങൾ ഉണ്ടാകുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട് . |
| (ബി) | 2018 ഫെബ്രുവരിയിൽ കൊല്ലം തിരുമംഗലം ദേശീയപാതയോരത്ത് വർക്ക് ഷോപ്പ് ആരംഭിക്കാൻ സാധിക്കാത്തതിനാൽ ആത്മഹത്യ ചെയ്ത സുഗതൻ എന്ന വ്യക്തിയുടെ മക്കൾ അതേസ്ഥലത്ത് വർക്ക് ഷോപ്പ് തുടങ്ങാൻ അപേക്ഷ നല്കിയിരുന്നോ; | (ബി) | വ്യവസായ വകുപ്പിന് അപേക്ഷ നൽകിയിട്ടില്ല എന്ന് ജില്ലാ വ്യവസായ കേന്ദ്രം റിപ്പോർട്ട് നൽകിയിട്ടുണ്ട് . |
| (സി) | പ്രസ്തുത സംഭവം നടന്ന് മൂന്ന് വർഷം കഴിഞ്ഞിട്ടും ആ സ്ഥലത്ത് വർക്ക് ഷോപ്പ് ആരംഭിക്കാൻ അനുവാദം നൽകാത്തതിന്റെ കാരണം വിശദമാക്കാമോ; | (സി) | വ്യവസായ വകുപ്പിന് അപേക്ഷ നൽകിയിട്ടില്ല എന്ന് ജില്ലാ വ്യവസായ കേന്ദ്രം റിപ്പോർട്ട് നൽകിയിട്ടുണ്ട് . |
| (ഡി) | പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ ശ്രമിച്ച അന്തൂരിലെ സാജൻ അടക്കം ആത്മഹത്യ ചെയ്യേണ്ടിവന്ന സാഹചര്യത്തിൽ സമാനമായ സംഭവങ്ങൾ ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് കഴിഞ്ഞ സർക്കാർ സ്വീകരിച്ചത് എന്ന് വിശദമാക്കാമോ? | (ഡി) | ശ്രീ സാജൻ വ്യവസായ വകുപ്പിന് അനുമതി അപേക്ഷ നല്കിയതായി കാണുന്നില്ല. സംസ്ഥാനത്ത് സംരംഭങ്ങൾ ആരംഭിക്കുന്നതിന് അനുകൂലമായ സാഹചര്യമാണുള്ളത്.ഇതിന് വേണ്ടി നിയമ നിർമ്മാണങ്ങൾ അനിവാര്യമായ ഘട്ടങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട് .2018-ൽ നടപ്പിലാക്കിയ കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും നിയമം ,2019ലെ കേരള സൂക്ഷ്മ -ചെറുകിട ഇടത്തരം വ്യവസായ സ്ഥപനങ്ങൾ സുഗമമാക്കൽ നിയമം എന്നിവ ഈ ഉദ്ദേശത്തോടെ കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയവയാണ് . വകുപ്പിലെ എം ഐ എസ് സംവിധാനത്തിലെ കണക്കുകൾ പ്രകാരം മുൻ സർക്കാരിന്റെ കാലത്ത് MSME മേഖലയിൽ സംസ്ഥാനത്ത് 69,138 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ 6448.81 കോടി രൂപയുടെ |

| | | | |
|---|---|---|---|
| | | | നിക്ഷേപവും 2,45,369 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.. |

സെക്ഷൻ ഓഫീസർ